بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 12.02.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ജനാബ് ചൗധരി ഹമീദുല്ലാഹ് സാഹിബ് : ഇസ്‌ലാം അഹ്മദിയ്യത്തിന്റെ യഥാർഥ സേവകൻ

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِيۡمِ ۙ﴿۲﴾ مٰلِكِ يَوۡمِ الدِّيۡنِ ؕ﴿۳﴾ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ﴿۴﴾

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۵﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു:

ഇന്ന് ഞാൻ ജമാഅത്തിലെ ഒരു ദീർഘകാല സേവകനായിരുന്ന ജനാബ് ചൗധരി ഹമീദുല്ലാഹ് സാഹിബിനെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. അദ്ദേഹം കഴിഞ്ഞ ദിവസം വഫാത്തായി. അദ്ദേഹം തഹ്‌രീക്ക് ജദീദ് പാക്കിസ്ഥാന്റെ വക്കീലുൽ അഅ്‌ല ആയിരുന്നു. മജ്‌ലിസ് തഹ്‌രീക്ക് ജദീദ് അഞ്ചുമൻ അഹ്മദിയ്യായുടെ സദ്റായും ദീർഘകാലമായി ജൽസാ സാലാന ഓഫിസറായും സേവനമനുഷ്ഠിച്ചു വരികയായിരുന്നു. ഫെബ്രുവരി 7 ന് ത്വാഹിർ ഇൻസ്റ്റിറ്റ്യൂട്ടിൽ 87-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

ചൗധരി സാഹിബിന്റെ പിതാവിന്റെ പേര് ബാബു മുഹമ്മദ് ബഖ്ശ് സാഹിബ് എന്നും മാതാവിന്റെ പേര് ആയിശ ബീബി സാഹിബ എന്നുമായിരുന്നു. ഭേരയുടെ പ്രാന്തപ്രദേശത്താണ് ഇവർ താമസിച്ചിരുന്നത്. ചൗധരി സാഹിബ് 1934 ൽ ഖാദിയാനിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തിന്റെ ജനനത്തിനും അഞ്ചുവർഷംമുമ്പ് അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു.

ചൗധരി സാഹിബ് പ്രാരംഭ വിദ്യാഭ്യാസം ഖാദിയാനിലാണ് കരസ്ഥമാക്കിയത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വഖ്ഫിനുള്ള ആഹ്വാനം ചെയ്തപ്പോൾ അതിനു ലബ്ബൈയ്ക്ക് പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സവിധത്തിൽ കൊണ്ടുപോയി. ഹുസൂറിനോട് പറഞ്ഞു: എന്റെ ഈ മകനെ ഞാൻ ദീനിസേവനത്തിനുവേണ്ടി വഖ്ഫ് ചെയ്യുകയാണ്. 1949 - ൽ അദ്ദേഹം മെട്രിക് പരീക്ഷ പാസ്സായി. തുടർന്ന് റബ്‌വയിൽ വക്കാലത്ത് ദീവാൻ ഓഫീസിന്റെ നിർദേശപ്രകാരം ഇൻറർവ്യൂവിന് വേണ്ടി റബ്‌വയിലെത്തി. എഴുത്തു പരീക്ഷയ്ക്കു ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) നേരിട്ട് അദ്ദേഹത്തെ ഇൻറർവ്യൂ ചെയ്തു.ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ നിർദ്ദേശാനുസരണം അദ്ദേഹത്തിന്റെ പഠനം തുടർന്നു. സ്കൂളിലും യൂണിവേഴ്സിറ്റിയിലും പഠിച്ചു. 1955 ൽ തഅ്‌ലീമുൽ ഇസ്‌ലാം കോളേജിൽ അധ്യാപകനായി. തുടർന്ന് ഗണിത വകുപ്പ് തലവനുമായി. 1960-ൽ സർഗോദയിലെ അബ്ദുൽ ജബ്ബാർ ഖാൻ സാഹിബിന്റെ മകൾ റസിയ ഖാനം സാഹിബയെ വിവാഹം കഴിച്ചു. 1974 വരെ ടി ഐ കോളേജ് റബ്‌വയിൽ സേവനം തുടർന്നു വന്നു. അതിനുശേഷംഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് അവിടത്തെ നാസിർ സിയാഫത്ത് ആയി നിയമിച്ചു. 1982 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തെ വക്കീൽ അഅ്‌ല തഹ്‌രീക്ക് ജദീദ് ആയി നിയമിച്ചു. കുറച്ചു കാലത്തിനു ശേഷം അതോടൊപ്പം അഡീഷണൽ സദ്ർ മജ്‌ലിസ് തഹ്‌രീക്ക് ജദീദ് ആയും നിയമിതനായി. 1989 - ൽ സദ്ർ മജ്‌ലിസ് തഹ്‌രീക്ക് ജദീദ് ആയി നിയമിക്കപ്പെട്ടു. വഫാത്ത് വരേയും ഈ സേവനം അനുഷ്ഠിച്ചുവന്നു. അതുകൂടാതെ 1986 മുതൽ വഫാത്ത് വരേയും അഡീഷണൽ നാസിർ അഅ്‌ല ആയിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യുടെ കാലത്ത് പ്രാദേശിക അമീർ ആകുന്നതിനുള്ള ബഹുമതിയും ലഭിച്ചിട്ടുണ്ട്. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ റബ്‌വയിലും കേന്ദ്ര മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയിലും വിവിധ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1969 മുതൽ 1973 വരെ സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയ്യാ ആയി നിയമിക്കപ്പെട്ടു. അന്ന് ലോകത്തിനു മുഴുവനും ഒരൊറ്റ കേന്ദ്ര ഖുദ്ദാമുൽ അഹ്മദിയ്യാ ആയിരുന്നു ഉണ്ടായിരുന്നത്. കേന്ദ്രത്തിൽ നിന്നാണ് ഖുദ്ദാമുൽ അഹ്മദിയ്യായെ നിയന്ത്രിച്ചിരുന്നത്. ഓരോ രാജ്യത്തിനും വെവ്വേറെ സദ്ർ നിശ്ചയിക്കപ്പെട്ടിരുന്നില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) 1970 - ലെ ഖുദ്ദാമുൽ അഹ്മദിയ്യാ കേന്ദ്ര ഇജ്തിമായെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹത്തെ പറ്റി പറയുന്നു:

ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)മായി രക്തബന്ധമൊന്നുമില്ലെങ്കിലും കുറച്ച് ആത്മീയ ബന്ധമുള്ള ഒരു കുട്ടിക്കാണ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ അധ്യക്ഷപദം നൽകിയത്. അല്ലാഹു അദ്ദേഹത്തിന് പ്രവർത്തിക്കാൻ തൗഫീഖ് നൽകി. അദ്ദേഹത്തിന്റെ പ്രയത്നങ്ങളിൽ അനുഗ്രഹം ചൊരിയുകയും നമ്മുടെ ദുആകൾ സ്വീകരിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ അധ്യക്ഷ കാലഘട്ടത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് സാലിസ് അയ്യദഹുല്ലാഹിന്റെ ആഗ്രഹിച്ച നിലയ്ക്ക് എല്ലാ വകുപ്പുകളും പ്രകടമായ പുരോഗതി കൈവരിച്ചു. 1974ലെ അടിയന്തര ഘട്ടത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യുടെ നിർദേശപ്രകാരം അദ്ദേഹം സുപ്രധാന സേവനങ്ങൾ അനുഷ്ഠിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ ലണ്ടൻ ഹിജ്റത്തിനു ശേഷം ഹുസൂറിന്റെ നിർദേശപ്രകാരം ഇവിടെ വന്നു. ഒരു വർഷത്തിലധികം ഇവിടെ താമസിച്ചു. ഇവിടെയും ജമാഅത്തിന്റെ കേന്ദ്ര സംവിധാനം സ്ഥാപിക്കുന്നതിനും അതിനെ ക്രമപ്പെടുത്തുന്നതിലും

അദ്ദേഹം നിർണായകമായ പങ്കാണ് വഹിച്ചത്. 1982 മുതൽ 1999 വരെ സദ്ർ മജ്ലിസ് അൻസാറുല്ലാഹ് എന്ന നിലയ്ക്ക് സേവനമനുഷ്ഠിച്ചു. ജമാഅത്തിന്റെ ശതവാർഷിക ജൂബിലി മൻസൂബ ബന്ദി കമ്മിറ്റിയുടെ സദ്ർ എന്ന നിലക്കും സേവനം ചെയ്തിട്ടുണ്ട്. അതിനുമുമ്പ് അദ്ദേഹത്തിന് ശതവാർഷിക ജൂബിലി മൻസൂബ ബന്ദി കമ്മറ്റിയുടെ സെക്രട്ടറിയായും സേവനത്തിന് തൗഫീഖ് ലഭിച്ചിട്ടുണ്ട്. ഏപ്രിൽ 2003-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ വഫാത്ത് വേളയിൽ ഖിലാഫത്ത് തെരഞ്ഞെടുപ്പ് യോഗത്തിൽ അധ്യക്ഷത വഹിക്കാനുള്ള ബഹുമതിയും അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. വക്കീൽ അഅ്ല എന്ന നിലക്ക് ആഫ്രിക്കയും യൂറോപ്പും സഹിതം നിരവധി രാഷ്ട്രങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. 1973 ൽ സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബിന്റെ വഫാത്തിനെ തുടർന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) അദ്ദേഹത്തെ ജൽസാ സാലാന ഓഫീസറായി നിയമിച്ചു. 1973 മുതൽ വഫാത്തുവരെയും ഓഫീസർ ജൽസാ സാലാന എന്ന നിലക്ക് സേവനം ചെയ്തു വരികയായിരുന്നു. 1991-ൽ ഖാദിയാൻ ജൽസാ സാലാനയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അദ്ദേഹത്തെ ഓഫീസർ ജൽസാ സാലാനയായി നിശ്ചയിച്ചു.1977 ൽ ഓഫീസർ ജൽസാ സാലാന റബ്വ എന്ന പദവിക്ക് പുറമേ നാസിർ സിയാഫത്ത് ആയും നിയമിക്കപ്പെട്ടു. 1977 മുതൽ 1987 വരെ നാസിർ സിയാഫത്ത് ആയി സേവനമനുഷ്ഠിച്ചു.

അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യ റസിയ ഖാനമിനെ കൂടാതെ ഒരു മകനും 2 പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: വിവാഹശേഷം എനിക്ക് കാണാൻ കഴിഞ്ഞ കാര്യം, അദ്ദേഹത്തിന് കിട്ടിയിരുന്ന അലവൻസിൽ നിന്ന് ഏറ്റവുമാദ്യം ചന്ദ: മാറ്റുമായിരുന്നു. എന്നോടും ആദ്യം ചന്ദ: മാറ്റിവെക്കാനും ശേഷമുള്ളതിൽ നിന്ന് മറ്റു ചിലവുകൾ നടത്താനും പറയുമായിരുന്നു. വസിയ്യത്ത് ചെയ്യാനും ഉപദേശിക്കുകയുണ്ടായി. അദ്ദേഹം തഹജ്ജുദ് കൃത്യനിഷ്ഠയോടെ അനുഷ്ഠിച്ചിരുന്നു. അവസാനം വരെയും നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിച്ചിരുന്നു.

അവർ പറയുന്നു: വളരെയേറെ സത്താരി (മറക്കുകയും പൊറുക്കുകയും ചെയ്യുന്ന)ഗുണമുള്ള ആളായിരുന്നു. വാത്സല്യമുള്ള ഭർത്താവും മക്കൾക്ക് വാത്സല്യമുള്ള പിതാവും ആയിരുന്നു. കുടുംബക്കാരോട് പിണങ്ങാറുണ്ടായിരുന്നില്ല. രഞ്ജിപ്പിന് മുൻകൈ എടുത്തിരുന്നു. *അൽ ഇസ്സത്തു ലില്ലാഹി ജമീആ* എല്ലാ ആദരവും അല്ലാഹുവിനുള്ളതാകുന്നു എന്ന് എപ്പോഴും പറയുമായിരുന്നു. തന്റെ സഹോദരി സഹോദരന്മാരേയും മറ്റു കുടുംബക്കാരേയും വളരെയേറെ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ മകൾ പറയുന്നു: ഒരിക്കലും ഞങ്ങളുടെ ഉമ്മയോട് ഒച്ചവെച്ച് സംസാരിച്ചിട്ടില്ല. ഞങ്ങൾക്ക് അദ്ദേഹം പിതാവ് മാത്രമായിരുന്നില്ല. കൂട്ടുകാരനും കൂടിയായിരുന്നു. പറയുന്നു: എന്റെ റൂമിൽ ആണ് അദ്ദേഹം തഹജ്ജുദ് നമസ്കരിച്ചിരുന്നത്. ആ സമയത്ത് അദ്ദേഹം *ഏ ഖാദിരോ തവാനാ, ആഫാത്ത് സെ ബചാനാ* എല്ലാത്തിനും കഴിവുള്ള നാഥാ! ആപത്തുകളിൽ നിന്നു രക്ഷിക്കണമേ എന്ന് കൂടെ കൂടെ ദുആ ചെയ്തിരുന്നത് ഇന്നും എനിക്ക് ഓർമയുണ്ട്. ഞങ്ങളുടെ പിതാവ് ഞങ്ങൾക്ക് ദുആകളുടെ ഖജനാവായിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: അദ്ദേഹം എല്ലാ നിലക്കും ജീവിതം അർപ്പണം ചെയ്തതിന്റെ കർത്തവ്യം നിറവേറ്റുന്ന ആളായിരുന്നു. അന്നപാനീയങ്ങളും ഉറക്കവും അല്ലാതെ അദ്ദേഹം ജമാഅത്തീ ജോലികൾ മാത്രം ചെയ്തു. സമയം ഒട്ടും പാഴാക്കിയില്ല.

മകൻ എഴുതുന്നു: അദ്ദേഹം രണ്ടുകാര്യങ്ങളിൽ ശക്തി ചെലുത്തിയിരുന്നു. നമസ്കാരത്തിലും പിന്നെ കാലത്തിന്റെ ഖലീഫയുടെ ഖുത്ബ ഒരിക്കലും ഒരു കാരണവശാലും മിസ്സാകരുത് എന്നു മാത്രമല്ല കാലത്തിന്റെ ഖലീഫ നൽകുന്ന അധ്യാപനങ്ങൾ പൂർണമായും പ്രാവർത്തികമാക്കേണ്ടതാണ് എന്ന കാര്യത്തിലും.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഞാൻ നാസിർമാരോടും തഹ്രീക്ക് ജദീദ് വക്കീൽമാരോടും ഒരിക്കൽ പറഞ്ഞിരുന്നു, പുറത്തു ജമാഅത്തുകളിൽ പോയി ജനങ്ങളെ കാണുകയും എന്റെ സലാം എത്തിക്കുകയും ചെയ്യുക എന്ന്. തുടർന്ന് ചൗധരി സാഹിബും രണ്ട് തവണ പോയി. സർഗോദ ജില്ലയാണ് അദ്ദേഹത്തിനെ ചുമതല പെടുത്തിയിരുന്നത്. ഒരു വീടും ഒഴിവാക്കാതെ എല്ലാ വീട്ടിലും അദ്ദേഹം എത്തി. എന്റെ സലാം എത്തിച്ചു. കൂടാതെ ചെറുതായാലും വലുതായാലും എന്തെങ്കിലും തെറ്റു പറ്റിയാൽ കൂടിയും എല്ലാ കാര്യങ്ങളും എപ്പോഴും ഖലീഫത്തുൽ മസീഹിനെ നിർബന്ധമായും അറിയിക്കണം എന്നത് അദ്ദേഹത്തിന്റെ സ്ഥായിയായ നിർദ്ദേശമായിരുന്നു. അതു മുഖേന ദുആയും കിട്ടുന്നതാണ്. തെറ്റ് തിരുത്തപ്പെടുകയും ചെയ്യും. ചിലപ്പോൾ ചില ജമാഅത്തുകൾ പര്യടന വേളയിൽ പ്രസംഗിക്കാൻ ആവശ്യപ്പെടുമ്പോൾ അത് നിരാകരിച്ചുകൊണ്ട് എനിക്ക് ലഭിച്ച കല്പന മാത്രമാണ് ചെയ്യുക എന്ന് പറയുമായിരുന്നു.

ലയീഖ് ആബിദ് സാഹിബ് എഴുതുന്നു: ചെറിയ ചെറിയ കാര്യങ്ങൾ പോലും വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുമായിരുന്നു. ഒരു ഡ്രാഫ്റ്റും ബില്ലും കത്തും മുഴുവൻ വായിക്കാതെ ഒപ്പിടുമായിരുന്നില്ല. ഓഫീസർമാർ മുഴുവൻ നോക്കാതെ ഒപ്പിടരുത്. വളരെ അനിവാര്യമാണത്. സമയനിഷ്ഠ പാലിക്കുമായിരുന്നു. സമയത്തിൽ സവാരി ചെയ്തു തന്റെ ഇഷ്ടാനുസരണം അതിനെ വളക്കാൻ കഴിവുള്ള കണക്കെ സമയനിഷ്ഠമായി ജോലി ചെയ്തിരുന്നു. ഇത്രയും സമയനിഷ്ഠ പാലിച്ചിരുന്നെങ്കിലും കാർക്കശ്യം കാണിക്കാതെ മര്യാദയോടെ പെരുമാറിയിരുന്നു. മസ്ജിദിൽ നമസ്കരിക്കാൻ പോയാൽ ഘടികാരം നോക്കികൊണ്ടിരിക്കാതെ ദൈവസ്മരണയിൽ മുഴുകുമായിരുന്നു.

സമീയുല്ലാഹ് സയാൽ സാഹിബ് എഴുതുന്നു: നിരവധി സവിശേഷഗുണങ്ങളുള്ള ഒരു മഹദ് വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹം സഹതാപശീലനും ധൈര്യവാനും സദാ ദീനി സേവകനും ഖിലാഫത്തിനെ അങ്ങേയറ്റം സ്നേഹിക്കുന്ന വ്യക്തിയുമായിരുന്നു. പുതുതായി വരുന്ന വഖ്ഫെ സിന്ദഗികൾക്ക് നല്ല നിലയിൽ തർബിയ്യത്ത് നൽകുന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

ഹലീം ഖുറൈശി സാഹിബ് എഴുതുന്നു: അദ്ദേഹത്തിന് സംവിധാന മികവും ധനകാര്യങ്ങളിൽ നല്ല നിപുണതയുമുണ്ടായിരുന്നു. സംവിധാനത്തിലെ ക്രമക്കേടുകൾ ഒരിക്കലും സഹിച്ചിരുന്നില്ല. ധനകാര്യങ്ങളിൽ അതീവ സൂക്ഷ്മത പാലിച്ചിരുന്നു. ബില്ല് കിട്ടുമ്പോൾ 10 രൂപ പോലും അധികമായാൽ ചോദ്യം ചെയ്യുമായിരുന്നു. ഇപ്രകാരം ചോദിക്കുമായിരുന്നു, ഇന്ന വസ്തുവിന് ഇന്ന കടയിൽ

100 രൂപയാണല്ലോ? എന്നിട്ട് താങ്കൾ നൂറ്റിപത്തുരൂപ എന്തിനാണ് ചെലവാക്കിയത്?

മാജിദ് ത്വാഹിർ സാഹിബ് വക്കീലുത്തബ്ശീർ ലണ്ടൻ എഴുതുന്നു: അദ്ദേഹം തന്റെ ജീവിതത്തിലെ ഓരോ നിമിഷവും ദീനീ സേവനത്തിനായിരുന്നു ചെലവഴിച്ചിരുന്നത്. കാലത്തിന്റെ ഖലീഫയിൽ നിന്നും വിവിധ ഓഫീസ് കാര്യങ്ങളെ സംബന്ധിച്ചും വന്നിരുന്ന നിർദ്ദേശങ്ങൾ ലഭിച്ചാൽ ഉടൻ തന്നെ ഒട്ടും താമസം കളയാതെ നടപടി എടുക്കുമായിരുന്നു. നിശ്ചയമായും അദ്ദേഹത്തിന്റെ അനക്കമടക്കങ്ങളും സംസാരങ്ങളും മൗനങ്ങളും ഇരിപ്പും നടപ്പും എല്ലാം ഖലീഫയെ അനുസരിച്ച് കൊണ്ടായിരുന്നു. കാലത്തിന്റെ ഖലീഫയുടെ നിർദേശത്തെക്കാൾ മുൻഗണന നിയമങ്ങൾക്ക് നൽകുന്നവരോട് ജമാഅത്തിന്റെ പ്രോട്ടോക്കോൾ ഇപ്രകാരമാണ് അതുതന്നെ നടപ്പിലാക്കണം എന്ന് പറയുന്നവരോട് അദ്ദേഹം എപ്പോഴും പറഞ്ഞിരുന്നത്, കാലത്തിന്റെ ഖലീഫ നൽകുന്ന നിർദ്ദേശങ്ങൾ തന്നെയാണ് നിയമങ്ങൾ, അവ തന്നെയാണ് പാലിക്കേണ്ടത് എന്നായിരുന്നു.

മുബാറക്ക് സിദ്ദീഖി സാഹിബ് പറയുന്നു: ഒരിക്കൽ ടി ഐ കോളേജിലെയും മറ്റുള്ളവരുമായി ഒരു മീറ്റിംഗ് നടത്താൻ ഞാൻ അദ്ദേഹത്തോടു പറഞ്ഞു: ഒരു സുദീർഘ കാലം സേവനം അനുഷ്ഠിക്കാനുള്ള തൗഫീഖും ഒരുപാട് ആദരണീയ സ്ഥാനങ്ങളും അല്ലാഹു താങ്കൾക്ക് നൽകിയിട്ടുണ്ട്. ഞങ്ങൾക്ക് അതിനു പിറകിലുള്ള രഹസ്യം പറഞ്ഞു തരിക. ഞങ്ങളെ ഉപദേശിക്കുക. അപ്പോൾ അദ്ദേഹം പറഞ്ഞു: ഒരൊറ്റ രഹസ്യതത്ത്വമേ ഉള്ളൂ. സ്വന്തം അറിവിനെയും ബുദ്ധിയേയും തുച്ഛമായി കാണുക. കണ്ണുമടച്ച് കാലത്തിന്റെ ഖലീഫയെ അനുസരിക്കുക. അനുസരണത്തിന്റെ നിലവാരം എന്തായിരിക്കണമെന്നാൽ ഞാൻ അനുസരണത്തിന്റെ കടമ നിർവഹിക്കാൻ ശ്രമിച്ചെന്ന് സ്വന്തം ഹൃദയം സാക്ഷ്യം വഹിക്കുന്ന വിധത്തിലായിരിക്കണം.

ഹുസൂർ തിരുമനസ്സ് പറയുന്നു: അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഖിലാഫത്തിന് അദ്ദേഹത്തെപ്പോലുള്ള ശക്തരായ സഹായികളെ ലഭിച്ചുകൊണ്ടിരിക്കട്ടെ. പാക്കിസ്ഥാനിലെ നിലവിലെ അവസ്ഥകൾ മാറാൻ വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു പാക്കിസ്ഥാനിലെ സ്ഥിതിഗതികൾ പെട്ടെന്നുതന്നെ മാറ്റട്ടെ. അവിടെ അഹ്മദികൾക്ക് സ്വാതന്ത്ര്യത്തോടെ ജീവിക്കുവാനുള്ള തൗഫീഖ് ലഭിക്കട്ടെ.

മറ്റൊരു സുപ്രധാന കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ലോകത്ത് കൊറോണ വ്യാധി വ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അഹ്മദികളെല്ലാവരും ജാഗ്രതയും കടമകളും വേണ്ട വിധത്തിൽ നിർവഹിക്കുന്നില്ല. യുകെ, അമേരിക്ക, പാകിസ്ഥാൻ തുടങ്ങി ഒരു രാജ്യത്തുള്ള അഹ്മദികളും യഥാർഹം ചെയ്യുന്നില്ല.

പൂർണമായ ജാഗ്രത പാലിക്കുക തന്നെ വേണം. മാസ്കും മറ്റും ഉപയോഗിക്കണം. മാസ്ക് ധരിച്ചാലും മൂക്ക് പുറത്താണ്. എന്നാൽ മൂക്കും മറഞ്ഞിരിക്കേണ്ടതാണ്. കഴുത്തിൽ മാസ്ക്കിടുന്നു. അങ്ങനെ മാസ്ക്ക് ധരിക്കുന്നതിൽ എന്ത് ഗുണം? ആളുകൾ അടുത്ത് ഇടപഴകുന്നുണ്ട്. സാമൂഹിക അകലം പാലിക്കുന്നില്ല. അതുപോലെ സർക്കാറും ഭരണകൂടങ്ങളും പറയുന്ന നിർദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നില്ല. ആയതിനാൽ നാം ഇതെല്ലാം അനുസരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. അല്ലെങ്കിൽ ഇത് ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നതാണ്. ഇക്കാലത്ത് യാത്രകൾ പരമാവധി കുറയ്ക്കാൻ ശ്രമിക്കണം. അനാവശ്യമായ യാത്രകൾ ഒഴിവാക്കണം. യൂറോപ്പിൽ നിന്നും പാക്കിസ്ഥാനിലേക്ക് പോകുന്നവരും ജാഗ്രത പാലിക്കണം. ഇപ്പോൾ യാത്രകൾ ചെയ്യാതിരിക്കുന്നതാണ് നല്ലത്. അല്ലാഹു എത്രയും പെട്ടെന്ന് ഈ മഹാമാരിയെ ഇല്ലാതാക്കട്ടെ. അഹ്മദികളായ രോഗികൾക്കും അഹ്മദികളല്ലാത്ത രോഗികൾക്കും അല്ലാഹു പൂർണമായും രോഗശാന്തി നല്കട്ടെ.

നമസ്കാരശേഷം ഇൻശാ അല്ലാഹ് ചൗധരി സാഹിബിന്റെ ജനാസ നമസ്കരിപ്പിക്കുന്നതാണ്.

വിവ: എച്ച് ശംസുദ്ദീൻ കാവശ്ശേരി,പി കെ അംനാസ്

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 12.02.2021
Malayalam Translation: **H.Shamsuddin, Kavassery & P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516